## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2390 — 07.02.2019 ൽ മറുപടിക്ക്

## കരകൗശല ശിൽപികൾക്ക് സൗജന്യമായി പണിയായുധങ്ങൾ

**ചോദ്യം**

ശ്രീ.എൻ. ഷംസുദ്ദീൻ

**ഉത്തരം**

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷത്തിൽ പതിനായിരം കരകൗശല ശിൽപികൾക്ക് സൗജന്യമായി പണിയായുധങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും സംസ്ഥാന കരകൗശല വികസന കോർപ്പറേഷന് അനുവദിച്ച 10 കോടി രൂപയിൽ നിന്നും 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ എത്ര തുക വീതം പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | കരകൗശലവികസന കമ്മീഷണറേറ്റിൽ നിന്നും കരകൗശല വികസന കോർപ്പറേഷന് IDPH പദ്ധതി പ്രകാരം അടിസ്ഥാനസൗകര്യ വികസനം, നൈപുണ്യ വികസനം, വിപണനമേഖല മെച്ചപ്പെടുത്തൽ എന്നിവയ്ക്കെല്ലാമായി 2015-16 സാമ്പത്തിക വർഷം 9.09 കോടി രൂപയാണ് ലഭ്യമായത്. പ്രസ്തുത പദ്ധതിയിൻകീഴിലുള്ള ഒരു ഘടകമാണ് വിവിധ ക്രാഫ്റ്റുകളിൽ പണിയെടുക്കുന്ന കരകൗശലതൊഴിലാളികൾക്ക് ടൂൾകിറ്റ് നൽകുന്നത്. ഇതിലേക്കാവശ്യമായ പണിയായുധങ്ങൾ കണ്ടെത്തുക, അർഹരായ തൊഴിലാളികളെ കണ്ടെത്തുക എന്നീ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിനോടകം വിവിധ ക്രാഫ്റ്റുകളിൽ പണിയെടുക്കുന്ന 1300 കരകൗശലതൊഴിലാളികൾക്ക് ടൂൾകിറ്റ് കിറ്റ് വിതരണനടപടി പൂർത്തീകരിച്ചു. ടൂൾകിറ്റ് പദ്ധതിക്കായി ഇതുവരെ 72,50,000 രൂപ കരകൗശല കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ തുകയിൽ 5.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് |
| (ബി) | എത്ര കരകൗശല തൊഴിലാളികൾക്ക് പ്രസ്തുത വർഷങ്ങളിൽ സൗജന്യമായി പണിയായുധങ്ങൾ നൽകി; സൗജന്യമായി പണിയായുധങ്ങൾ നല്കിയില്ല എങ്കിൽ ഇതുവരെ നൽകാതിരുന്നതിന്റെ കാരണം | (ബി) | ഇതുവരെ 1300 കരകൗശല തൊഴിലാളികൾക്ക് ടൂൾകിറ്റുകൾ വിതരണ നടപടി പൂർത്തീകരിച്ചു . ബാക്കി ഉള്ളവർക്ക് നൽകുന്നതിലേക്കുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ലഭിച്ച അപേക്ഷകളിൽ എല്ലാ മാനദണ്ഡങ്ങളും |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | പാലിച്ച അപേക്ഷകർക്ക് ടൂൾ കിറ്റ് വിതരണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാകുന്നതാണ് . |
| (സി) | സാംഗ്ഷൻ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ട കാലയളവിനുള്ളിൽത്തന്നെ പ്രസ്തുത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് നൽകിയില്ല എന്ന് വിശദമാക്കുമോ; | (സി) | പ്രസ്തുത സ്കീമിന്റെ കാലാവധി 2020 മാർച്ചുവരെയാണ് . അതിനുള്ളിൽ വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ആവശ്യത്തിനായി സംസ്ഥാന കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും വിനിയോഗിച്ച തുകയുടെ വിശദവിവരം നൽകുമോ | (ഡി) | ഈ സർക്കാരിന്റെ കാലത്ത് IDPH പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി കേന്ദ്രകരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും 4.055 കോടിരൂപയുടെ അനുമതി കരകൗശല വികസന കോർപ്പറേഷന് ലഭ്യമായിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ